# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 19 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## 'ജനകീയം ഈ അതിജീവനം'
## പൊതുജന സംഗമം ഇന്ന് (ജൂലൈ 20)

1924ലെ പ്രളയത്തിനു ശേഷം കേരളം നേരിട്ട എറ്റവും വലിയ പ്രകൃതിദുരന്തമായ 2018 ആഗസ്റ്റിലെ പ്രളയം തകർത്ത ജില്ലയുടെ അതിജീവന ശ്രമങ്ങളെ പൊതുജന സമക്ഷം അവതരിപ്പിക്കുന്നതിനുള്ള ജില്ലാ ഭരണകൂടത്തിന്റെ 'ജനകീയം ഈ അതിജീവനം' പൊതുജന സംഗമം ഇന്ന് (ജൂലൈ 20) രാവിലെ പത്തിന് തൃശൂർ ടൗൺ ഹാളിൽ നടക്കും. കൃഷി-മണ്ണ് സംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. വി.എസ് സുനിൽകുമാറിൻെറ അധ്യക്ഷതയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ ഉദ്ഘാടനം ചെയ്യും.

പ്രളയത്തിൽ വീട് നശിച്ചവർക്കായി നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ താക്കോൽദാനവും ഭൂമിയും വീടും നഷ്ടമായവർക്കായി സർക്കാർ വാങ്ങി നൽകുന്ന ഭൂമിയുടെ രേഖകൾ കൈമാറലും ചടങ്ങിൽ നടക്കും. തൃശൂർ താലൂക്കിലെ ഒമ്പത് പേരും ചാലക്കുടി താലൂക്കിലെ അഞ്ച് പേരും തലപ്പിള്ളി താലൂക്കിലെ നാല് പേരും ചാവക്കാട് താലൂക്കിലെ അഞ്ചു പേരുമടക്കം 23 പേർക്കാണ് വീടുകളുടെ താക്കോൽ കൈമാറുക. തൃശൂർ താലൂക്കിലെ 15 പേർക്കും ചാവക്കാട് താലൂക്കിലെ രണ്ട് പേർക്കുമാണ് ഭൂമിയുടെ രേഖ നൽകുന്നത്.

ചടങ്ങിൽ ഗവ. ചീഫ് വിപ്പ് അഡ്വ. കെ. രാജൻ വിശിഷ്ടാതിഥിയാവും. പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ജില്ലാ കളക്ടർ എസ്. ഷാനവാസ് അവതരിപ്പിക്കും. തൃശൂർ കോർപറേഷൻ മേയർ അജിത വിജയൻ, എം.പിമാരായ ടി.എൻ പ്രതാപൻ, ബെന്നി ബെഹനാൻ, രമ്യ ഹരിദാസ്, എം.എൽ.എമാരായ ബി.ഡി ദേവസി, കെ.വി. അബ്ദുൽ ഖാദർ, ഗീത ഗോപി, മുരളി പെരുനെല്ലി, അനിൽ അക്കര, യു.ആർ. പ്രദീപ്, ഇ.ടി. ടൈസൺ മാസ്റ്റർ, കെ.യു. അരുണൻ, വി.ആർ. സുനിൽകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ്, എ.ഡി.എം റെജി.പി ജോസഫ്, മറ്റു ജനപ്രതിനിധികൾ, രാഷ്ട്രീയ കക്ഷിനേതാക്കൾ തുടങ്ങിയവർ സംസാരിക്കും.

പ്രളയത്തിൽ തകർന്ന വീടുകൾ നഷ്ടപ്പെട്ടവർക്കായി സർക്കാർ ധനസഹായമില്ലാതെ തന്നെ അഞ്ഞൂറോളം വീടുകളുടെ നിർമ്മാണം ഏറ്റെടുത്ത് മാതൃകാപരമായ പ്രവർത്തനം കാഴ്ച വെച്ച സഹകരണ സംഘങ്ങളെ ചടങ്ങിൽ ജില്ലാ ഭരണകൂടം ആദരിക്കും. പ്രളയകാലത്ത് അപകട മുനമ്പിൽനിന്ന് സഹജീവികളെ രക്ഷിക്കാൻ സ്വന്തം ജീവൻ പോലും മറന്ന് പ്രവർത്തിച്ച മത്സ്യത്തൊഴിലാളി സമൂഹത്തെയും ആദരിക്കും.പ്രളയകാലത്തെ തുടർന്ന് പ്രശംസനീയമായി പ്രവർത്തിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഉദ്യോഗസ്ഥർ, രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും ഏർപ്പെട്ട തൃശൂരിലെ യുവതയുടെയും വളണ്ടിയർമാരുടെയും വിദ്യാർഥികളുടെയും പ്രതിനിധികളായി മൈ തൃശൂർ വളണ്ടിയർ ഗ്രൂപ്പ് എന്നിവരേയും ആദരിക്കും.

പ്രളയകാലത്ത് ദുരിതബാധിതർക്ക് താമസ സൗകര്യവും ഭക്ഷണവും മറ്റ് സൗകര്യങ്ങളും സൗജന്യമായി ഒരുക്കിനൽകിയ, ഇപ്പോഴും ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുന്ന കയ്പ്പമംഗലം പെരിഞ്ഞനം മതിലകത്ത്‌വീട്ടിലെ ഷാഹുൽ ഹമീദും ആദരം ഏറ്റുവാങ്ങും.

## പ്രളയ ദുരിതാശ്വാസം: കൃഷി വകുപ്പ് നഷ്ടപരിഹാരമായി നൽകിയത് 33.09 കോടി

പ്രളയം മൂലം കൃഷി നശിച്ച തൃശൂർ ജില്ലയിലെ കർഷകർക്ക് ദുരിതാശ്വാസമായി കൃഷി വകുപ്പ് ഇതുവരെ വിതരണം ചെയ്തത് 33,09,52,331 രൂപ. കേന്ദ്ര, സംസ്ഥാന വിഹിതങ്ങൾ സമാഹരിച്ച് 32046 കർഷകർക്കാണ് ആനുകൂല്യങ്ങൾ നൽകിയത്. ജില്ലയിൽ 4745.8 ഹെക്ടർ സ്ഥലത്താണ് കൃഷി നശിച്ചത്.

ജില്ലയിലെ കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി കൃഷി വകുപ്പ് 2018 ആഗസ്റ്റ് മുതൽ 2019 ജൂൺ വരെ സ്വന്തം ഫണ്ടിൽനിന്ന് ചെലവഴിച്ച തുക 23,56,79,834 രൂപയാണ്. സംസ്ഥാന സർക്കാർ കാർഷിക വായ്പകൾക്കുള്ള മൊറട്ടോറിയം പ്രഖ്യാപിച്ചതിനാൽ 2019 മാർച്ച് വരെ 13,259 കർഷകർക്ക് ആശ്വാസം ലഭിച്ചു.

സംസ്ഥാന സർക്കാർ വിളനാശ നഷ്ടപരിഹാരമായി 23792 കർഷകർക്ക് 18,45,61,109 രൂപയും വിള ഇൻഷുറൻസായി 2407 കർഷകർക്ക് 5,11,18,725 രൂപയും നൽകി. മിഷൻ ഫോർ ഇൻറഗ്രേറ്റഡ് ഡവലപ്മെൻറ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ പ്രളയ സ്പെഷൽ പാക്കേജ് പ്രകാരം ജില്ലയിൽ 5000 കർഷകർക്കായി 3.14 കോടി രൂപ ചെലവഴിച്ചു. സംസ്ഥാന വിഹിതമായി 31199 കർഷകർക്ക് മൊത്തം 26,70,79,834 രൂപ ലഭിച്ചു.

പ്രകൃതി ക്ഷോഭത്തിനുള്ള കേന്ദ്ര വിഹിതമായി (എസ്.ഡി.ആർ.എഫ്) ജില്ലാ കളക്ടർ മുഖേന ആകെ 6,38,72,497 രൂപയാണ് വിതരണം ചെയ്തത്. വിള നാശ നഷ്ട പരിഹാരമായി 22428 പേർക്ക് 4,82,04,662 രൂപ കേന്ദ്രവിഹിതമായി നൽകി. മോട്ടോർ പമ്പ്, പെട്ടിപറ അറ്റകുറ്റപണിക്കായി 227 കർഷകർക്ക് 1,24, 52,597 രൂപയും, ചെളിയും മണ്ണും നീക്കം ചെയ്യാൻ 847 കർഷകർക്ക് 32,15,238 രൂപയും നൽകി.

സോയിൽ അമീലിയോറൻറ്സ് ഇൻ സെലക്ടഡ് ഡിസ്ട്രിക്ട് പദ്ധതി പ്രകാരം 33445 കർഷകർക്ക് സഹായം നൽകി. 478 കർഷകർക്ക് വിരിപ്പ് മുണ്ടകൻ സീസണിൽ വിതയ്ക്കുന്നതിനായി നെൽ വിത്ത് സബ്സിഡിയായി കിലോഗ്രാമിന് 40 രൂപ നിരക്കിൽ വിതരണം ചെയ്തു. ആറ് ലക്ഷം കർഷകർക്ക് പച്ചക്കറി വിത്തും തൈകളും വിതരണം ചെയ്തു. 33445 കർഷകർക്ക് മണ്ണിൻെറ അമ്ലത ക്രമീകരിക്കുന്നതിനായി കുമ്മായം വിതരണം ചെയ്തു.

കൃഷി വകുപ്പ് ഉദ്യോഗസ്ഥർ കൃഷിയിടങ്ങൾ നേരിട്ട് സന്ദർശിച്ചു കൃഷി നാശം വിലയിരുത്തി നഷ്ടപരിഹാരം കർഷകരുടെ അക്കൗണ്ടുകളിലേക്കു അനുവദിച്ചു നൽകി. കൃഷിയിടത്തിൽ വന്നടിഞ്ഞ മണ്ണും, ചണ്ടിയും നീക്കം ചെയ്യുന്നതിനുള്ള ചെലവ് കർഷകർക്ക് നൽകി. ചെളി ധാരാളം അടിഞ്ഞത് മൂലം മാറ്റാൻ സാധിക്കാത്തത് കിളച്ചു ചേർക്കാനും കുമ്മായം കലർത്തി കൊടുക്കുവാനും പദ്ധതികൾ നടപ്പിലാക്കി. കർഷകരുടെ വെള്ളം മുങ്ങി കേടു വന്ന മോട്ടോർ പമ്പ് സെറ്റ്, പെട്ടിപ്പാറ എന്നിവ എഞ്ചിനീയറിംഗ് കോളേജിന്റെയും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി യുടെയും നേതൃത്വത്തിൽ അറ്റകുറ്റപ്പണി ചെയ്തു നൽകി. തകർന്ന ബണ്ടുകൾ പുനർ നിർമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. എല്ലാ സ്ഥലങ്ങളിലും മണ്ണ് പരിശോധന നടത്തി പുതിയ വള പ്രയോഗ ക്രമം ശുപാർശ

ചെയ്തിട്ടുണ്ട്. ബാങ്കുകളുമായി സഹകരിച്ചു ക്രെഡിറ്റ് കൗൺസിലിംഗ് ബ്ലോക് തലത്തിൽ സംഘടിപ്പിച്ചു വരുന്നു.

കൂടാതെ തരിശ് രഹിത തൃശൂർ എന്ന ലക്ഷ്യം മുൻ നിർത്തി കുടുംബശ്രീ, മറ്റു സംഘടനകൾ എന്നിവ മുഖേന തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ഭക്ഷ്യവിളകളും മറ്റും കൃഷി ചെയ്യുന്നതിനും, ഉല്പാദനവും ഉല്പാദന ക്ഷമതയും വർധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമെന്ന് കൃഷി വകുപ്പ് അറിയിച്ചു. വിള ഇൻഷുറൻസ് പദ്ധതിയെക്കുറിച്ചും, പി എം പി ബി വൈ, ഡബ്ള്യു ബി സി കെ എന്നിവയെ കുറിച്ചും കർഷകർക്ക് അവബോധം ഉണ്ടാക്കാൻ ലക്ഷ്യമിടുന്നു. മുഴുവൻ കർഷകരെയും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളാക്കും. അഗ്രോ ഇക്കോളജിക്കൽ മാനേജ്മെന്റ് യൂണിറ്റുകളെ അടിസ്ഥാനമാക്കിയുള്ള വിളകളും പരിപാലന മുറകളും അനുവർത്തിച്ചു പ്രകൃതി ക്ഷോഭങ്ങളെ നേരിടാൻ സജ്ജമാക്കുകയാണ് ലക്ഷ്യം. ഉല്പാദന വസ്തുക്കളുടെ സംഭരണം ശക്തമാക്കും. കാർഷിക മേഖലയിലെ പദ്ധതികളിൽ ഐ സി ടി അടിസ്ഥാനമാക്കി യുള്ള പദ്ധതികളും ഗുണനിലവാര പദ്ധതികളും കൂടുതൽ ശക്തിപ്പെടുത്താനും വകുപ്പ് ലക്ഷ്യമിടുന്നു.

## തീരശ്രീ പദ്ധതി: സംസ്ഥാനതല ഉദ്ഘാടനം കയ്പമംഗലത്ത് 27ന്

കടലോരമേഖലയിലെ സ്ത്രീകളുടെ ജീവിതനിലവാരവും വരുമാനവും ഉയർത്താൻ തീരശ്രീയുമായി കുടുംബശ്രീ. തീരദേശമേഖലയിലെ സ്ത്രീകളുടെ ഉപജീവനമാർഗം വർധിപ്പിക്കാൻ മുൻ നിരയിൽ നിൽക്കുന്ന കുടുംബശ്രീ തീരശ്രീ പദ്ധതിയിലൂടെ നിരവധി സംരംഭങ്ങളാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജൂലൈ 27 ന്രാവിലെ 11 മണിക്ക് കയ്പമംഗലം ഗ്രാന്റ് ഓഡിറ്റോറിയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ നിർവ്വഹിക്കും. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്.ഹരികിഷോർ പദ്ധതി വിശദീകരണം നടത്തും. സമൂഹത്തിൽ ഏറ്റവും അരക്ഷിതാവസ്ഥ അനുഭവിക്കുന്ന വിഭാഗങ്ങളിലൊന്നായ തീരദേശവാസികൾക്ക് ഊന്നൽ നൽകിയാണ് തീരശ്രീപദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. തീരദേശ മേഖലയിലെ കുടുംബശ്രീ സംഘടന സംവിധാനത്തിന്റെ സമഗ്രമായ നവീകരണവും വ്യാപനവുമാണ് പ്രധാന ലക്ഷ്യം.

തീരദേശ പഞ്ചായത്തുകളിലെ തീരദേശ വാർഡുകളിലെ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി ഈ മേഖലയിലെ സ്ത്രീകളുടെയും കുട്ടികളുടേയും പൊതുജീവിത നിലവാരം ഉയർത്തുകയും ഉപജീവന സാധ്യത മെച്ചപ്പെടുത്തുകയും ലക്ഷ്യമിടുന്നു പ്രവർത്തനങ്ങൾ ഇതുവഴി ശക്തിപ്പെടുത്തും. നിലവിലെ അവസ്ഥ- ആവശ്യകതാപഠനം, സാമൂഹിക,സാംസ്കാരിക, ആരോഗ്യ മേഖലകളുടെ ഉന്നമനം, ഉപജീവന പ്രവർത്തനങ്ങൾ, തീരദേശ മേഖലയിലെ വട്ടിപ്പലിശക്കാരെ ഒഴിവാക്കുന്നതിന് വേണ്ടി സഹകരണ ബാങ്കുകളുമായി മൈക്രോ ഫിനാൻസ് - സാമ്പത്തിക സാക്ഷരത പ്രവർത്തനങ്ങൾ, പ്രതിഭാ തീരം-കായിക തീരം പദ്ധതികളുടെ നടത്തിപ്പ്, ഈ മേഖലയിലെ സർക്കാർ, സാർക്കാരേതര ഏജൻസികളുമായുള്ള സംയോജന സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്നിവയെല്ലാം ഈ പദ്ധതി ലക്ഷ്യമിടുന്നു. ജില്ലയിൽ അഞ്ച് പഞ്ചായത്തുകളിലൂന്നിയാണ് പദ്ധതി നടപ്പാക്കുക. നിലവിൽ തീരശ്രീയുടെ കീഴിൽ വരുന്ന പ്രതിഭാതീരം-കായികതീരം പദ്ധതിയ്ക്ക് തുടക്കമിട്ടു കഴിഞ്ഞു.

തീരദേശത്തെ 5 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ സൗകര്യമൊരുക്കുക എന്നതാണ് പ്രതിഭാതീരം

കൊണ്ടുദ്ദേശിക്കുന്നത്. കായികമേഖലയിൽ കഴിവുള്ളവരെ അതത് കായിക ഇനങ്ങളിൽ പ്രഗത്ഭരാക്കുക എന്നതാണ് കായികതീരത്തിന്റെ ലക്ഷ്യം. എറിയാട് പഞ്ചായത്തിൽ 30 കുട്ടികളും രണ്ടു അധ്യാപകരുമുൾപ്പടെ ഈ പദ്ധതി ആരംഭിച്ചു കഴിഞ്ഞു. മതിലകം പഞ്ചായത്തിൽ 20 കുട്ടികളും, കയ്പമംഗലം പഞ്ചായത്തിൽ 15 കുട്ടികളും ആയി പദ്ധതിയ്ക്ക് തുടക്കമിട്ടു. വലപ്പാട് പഞ്ചായത്തിൽ 20 വിദ്യാർത്ഥികളും ഒരു അധ്യാപകനെയും തെരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കാൻ ആവശ്യമായ സ്ഥലവും കണ്ടെത്തിയിട്ടുണ്ട്. തീരദേശം മുഴുവനും പദ്ധതി വ്യാപിപ്പിക്കുകയും അതുവഴി സ്ത്രീകകളെ സ്വയംപര്യാപ്തരാക്കുക എന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനതല ഉദ്ഗാടനത്തിനായി ഇ.ടി. ടൈസൺ മാസ്റ്റർ എം.എൽ.എ ചെയർമാനായും, മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ. അബീദലി, കയ്പമംഗലം പഞ്ചായത്ത് പ്രസിഡന്റ് ടി.വി.സുരേഷ് ബാബു എന്നിവർ വൈസ് ചെയർമാന്മാരായും കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ കെ.വി. ജ്യോതിഷ്കുമാർ ജനറൽ കൺവീനറുമായി 501 അംഗ സംഘാടക സമിതി രൂപീകരിച്ചു. കയ്പമംഗലം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന യോഗത്തിൽ മതിലകം, തളിക്കുളം ബ്ലോക്കുകളിലെ സി.ഡി.എസ് ചെയർപേഴ്സൺമാർ, ഗ്രാമപഞ്ചായത്തംഗങ്ങൾ, കുടുംബശ്രീ ജില്ലാ മിഷൻ ഉദ്യാഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## ഗതാഗതപരിഷ്കരണം: കൊടുങ്ങല്ലൂർ മിനി സിവിൽ സ്റ്റേഷന് സമീപം ബസ് ഷെൽട്ടർ അനുവദിച്ചു

കൊടുങ്ങല്ലൂരിൽ നടത്തിവരുന്ന ഗതാഗതപരിഷ്കരണത്തിന്റെ ഭാഗമായി നഗരത്തിൽ ചന്തപ്പുരയിൽ ലിമിറ്റഡ് സ്റ്റോപ്പ് ബസുകൾക്ക് സ്റ്റോപ്പും മിനിസിവിൽ സ്റ്റേഷന് സമീപം ബസ് ഷെൽട്ടറും അനുവദിച്ചു. കൊടുങ്ങല്ലൂരിൽ നിന്ന് വടക്കോട്ട് പോകുന്ന ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾക്ക് ചന്തപ്പുര സിഗ്നൽ ജങ്ഷന് സമീപമാണ് സ്റ്റോപ്പ് അനുവദിച്ചത്. സെപ്റ്റംബറിൽ വടക്കെ നടയിലെ തെരുവോര കച്ചവടക്കാരെ മാറ്റുന്നതോടെ മിനിസിവിൽ സ്റ്റേഷന് സമീപത്ത് ബസ് ഷെൽട്ടറും നിർമ്മിക്കും. നഗരസഭ ചെയർമാൻ കെ.ആർ. ജൈത്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ട്രാഫിക് റഗുലേറ്ററി കമ്മിററി യോഗത്തിലാണ് തീരുമാനം. കിഴക്ക് നിന്നും കാവിൽക്കടവ് വഴി നഗരത്തിലേക്കെത്തിച്ചേരുന്ന വാഹനങ്ങൾ വൺവെ തെറ്റിക്കാതിരിക്കാൻ കിഴക്കെ നടയിൽ 'വൺവെ' ബോർഡ് വെയ്ക്കും. നഗരസഭ ബസ്സ് സ്റ്റാന്റിലേക്ക് ബസ്സുകൾ ഒഴികെയുള്ള വാഹനങ്ങൾ കയറി വരുന്നത് ഒഴിവാക്കാൻ നോ എൻട്രി ബോർഡുകൾ സ്ഥാപിക്കും.

നഗരസഭ ബസ് സ്റ്റാൻറിൽ ബസ്സുകൾ കഴുകുന്നതിനെതിരെയും കർശന നടപടികളെടുക്കും. നഗരത്തിലെ ഓട്ടോറിക്ഷകൾക്ക് ബോണറ്റ് നമ്പർ നൽകുന്നത് പൂർത്തിയാക്കുവാൻ പോലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നഗരത്തിലെ പ്രധാന കേന്ദ്രങ്ങളിൽ ഓട്ടോറിക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാൽ ഇനി നഗരത്തിലേയ്ക്ക് ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് അനുവദിക്കുന്നത് നിർത്തിവെയ്ക്കണമെന്ന് ജില്ലാ കലക്ടറോടാവശ്യപ്പെടുന്നതിനും യോഗത്തിൽ ധാരണയായി. പോലീസ്, മോട്ടോർ വാഹന വകുപ്പ് മേധാവികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓട്ടോ ടാക്സി തൊഴിലാളികളുടെ യോഗം വിളിക്കും.

വടക്കെ നടയിലെ വാഹന പാർക്കിങ് ക്രമീകരിക്കും. കെ.ആർ.ബേക്സ് മുതൽ തെക്കോട്ട് കോടതി വരെ കിഴക്ക് ഭാഗത്ത് വാഹനങ്ങൾ പാർക്കിങ് അനുവദിക്കില്ല. പകരം റോഡിന്റെ പടിഞ്ഞാറെ നിരയിൽ ഗേൾസ് സ്കൂൾ മുതൽ

വടക്കോട്ട് മാത്രം അനുവദിക്കും. ഇക്കാര്യം ആ ഭാഗത്തെ കച്ചവടക്കാരുമായും മെർച്ചൻസ് അസോസിയേഷൻ പ്രതിനിധികളുമായും സംസാരിക്കും. സീബ്രാലൈനുകൾ വ്യക്തമായി കാണാവുന്ന വിധത്തിൽ തെളിയിച്ച് വരയ്ക്കുന്നതിന് നാഷണൽ ഹൈവേ അസിസ്റ്റൻറ് എഞ്ചിനിയറെ ചുമതലപ്പെടുത്തി. ബൈപ്പാസിൽ സ്വകാര്യ ബസ്സുകളും മറ്റും പാർക്ക് ചെയ്യുന്നത് പോലീസ് ഇടപെട്ട് ഒഴിവാക്കിയതായി ഇൻസ്‌പെക്ടർ ഓഫ് പോലീസ് പി.കെ.പത്മരാജൻ യോഗത്തിൽ അറിയിച്ചു.

നഗരസഭ സെക്രട്ടറി ടി.കെ.സുജിത്. പി. കെ.പദ്മരാജൻ, തഹസിൽദാർ തോമസ്, ഹെൽത്ത് ഇൻസ്‌പെക്ടർ സുരേഷ്,എൻ.എച്ച്. അസി.എഞ്ചിനിയർ മേരി, മോട്ടോർ വെഹിക്കിൾ ഇൻസ്‌പെക്ടർ ഗിരീഷ് എന്നിവർ പങ്കെടുത്തു.

## വായനയാണ് നമ്മെ മനുഷ്യരാകാൻ പ്രേരിപ്പിക്കുന്നത്. - പനമ്പിള്ളി വാസുദേവൻ

സംസ്ഥാന സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനമായ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ജില്ലയിൽ സംഘടിപ്പിക്കുന്ന അക്ഷരയാത്രയുടെ ചാലക്കുടി കാർമൽഹയർ സെക്കൻഡറി സ്കൂളിലെ ഉദ്ഘാടനം.കവിയും ഗാനരചയിതാവുമായ പനമ്പിള്ളി വാസുദേവൻ നിർവഹിച്ചു. വായനയാണ് നമ്മെ മനുഷ്യരാകാൻ പ്രേരിപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കുട്ടികൾക്ക് ബാലസാഹിത്യ പുസ്തകങ്ങൾ പകുതിവിലയ്ക്ക് ലഭ്യമാക്കുന്ന പുസ്തകമേളയും അക്ഷരാത്രയുടെ ഭാഗമായുണ്ട്. തൃശ്ശൂർ ജില്ലയിലെ ഏതു കുട്ടിക്കും അക്ഷരയാത്ര നടക്കുന്ന സ്കൂളുകളിൽനിന്ന് പുസ്തകങ്ങൾ വാങ്ങാവുന്നതാണ്. ഒരു സ്കൂളിൽ രണ്ടു ദിവസമാണ് പുസ്തകപ്രദർശനം. സ്കൂൾ സമയത്ത് കുട്ടികൾക്ക് പുസ്തകങ്ങൾ വാങ്ങാം. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സി ആർ ദാസ് അദ്ധ്യക്ഷനായിരുന്നു. അധ്യാപകനും സ്കൂൾ മാനേജരുമായ ഫാദർ ജോസ് സ്റ്റീഫൻ മേനാച്ചേരിയെ ചടങ്ങിൽ ആദരിച്ചു.

വായനമത്സരത്തിലും കാവ്യാലാപനമത്സരത്തിലും വിജയികളായ കുട്ടികൾക്കുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റും സി ആർ ദാസ് സമ്മാനിച്ചു. കാർമൽ ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പാൾ ഫാ. ജോസ് കിടങ്ങൻ സി എം ഐ, പി ടി എ പ്രസിഡന്റ് മനീഷ് തോമസ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രേറിയൻ കം ഡോക്യുമെന്റേഷൻ ഓഫീസർ ഉല്ലാസ് സി ജി എന്നിവർ സംസാരിച്ചു. ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ലവർ കോൺവെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിലെ അക്ഷരയാത്രയുടെ ഉദ്ഘാടനം തിങ്കളാഴ്ച രാവിലെ നോവലിസ്റ്റ് ടി ഡി രാമകൃഷ്ണൻ നിർവഹിക്കും.

## വ്യവസായ മന്ത്രിയുടെ അദാലത്ത് മാറ്റിവെച്ചു

വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി ഇ.പി. ജയരാജൻ ജൂലൈ 25ന് ജില്ലയിൽ നടത്താനിരുന്ന വ്യവസായ അദാലത്ത് മാറ്റിവെച്ചതായി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ അറിയിച്ചു. പുതുക്കിയ തിയതി പിന്നീട് അറിയിക്കും.

## ഡെങ്കിപ്പനിക്കെതിരെ ജാഗ്രത പാലിക്കണം

ഡെങ്കിപ്പനിക്കെതിരെ ജനങ്ങൾ മുൻകരുതലുകൾ സ്വീകരിക്കണമെന്നും ജാഗ്രത പാലിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.റീന.കെ.ജെ അറിയിച്ചു. ജില്ലയിൽ മഴ തുടങ്ങിയതിനു ശേഷം കൊതുകു സാന്ദ്രത

വർദ്ധിച്ചതായി കാണുന്നതിനാൽ ഡെങ്കിപ്പനി കൂടുതൽ പടരുവാനുള്ള സാധ്യത വളരെയേറെയാണ്. ഈ വർഷം ജനുവരി മുതൽ ആകെ 26 കേസുകളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കൂടുതൽ ഡെങ്കിപനി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് നെന്മണിക്കര, എടവിലങ്ങ്, വേളൂക്കര, ചേർപ്പ്, വെള്ളാനിക്കര എന്നിവിടങ്ങളിൽ നിന്നാണ്.

ശുദ്ധജലത്തിൽ വളരുന്ന ഈഡിസ് കൊതുകുകൾ വഴിയാണ് ഈ രോഗം പകരുന്നത്. പെട്ടെന്നുണ്ടാകുന്ന തീവ്രമായ പനി, കടുത്ത തലവേദന, കണ്ണുകൾക്ക് പിന്നിലും പേശികളിലും സന്ധികളിലും വേദന, നെഞ്ചിലും മുഖത്തും ചുവന്ന തടിപ്പുകൾ, ഓക്കാനവും ഛർദിയും എന്നിവയാണ് ആരംഭത്തിൽ കാണുന്ന ലക്ഷണങ്ങൾ. രോഗലക്ഷണങ്ങൾ കണ്ടാൽ സ്വയം ചികിത്സ ഒഴിവാക്കി ഉടൻ തന്നെ ഡോക്ടറുടെ നിർദേശപ്രകാരം ചികിത്സ തേടേണ്ടതാണ്. രോഗം കുറഞ്ഞാലും രണ്ടാഴ്ചയോളം വിശ്രമിക്കാവാനും ധാരാളം വെള്ളം കുടിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഡെങ്കി വൈറസ് രണ്ടാമത്തെ പ്രാവശ്യം ഒരാളിൽ പ്രവേശിച്ചാൽ രോഗം കൂടുതൽ ഗുരുതരമാകാനുള്ള സാധ്യത കൂടുതലാണ് . ഡെങ്കി 1, ഡെങ്കി 2, ഡെങ്കി 3, ഡെങ്കി 4 എന്നീ പേരുകളിൽ അറിയപ്പെടുന്ന വിവിധ തരം ഡെങ്കി വൈറസുകൾ ഉണ്ട്. ഇതിൽ ഏതെങ്കിലും ഒരു തരം വൈറസ് മൂലം രോഗബാധിതനായ ആൾ അടുത്ത തവണ അസുഖ ബാധിതനാകുമ്പോൾ മറ്റൊരു തരം വൈറസ് ആണ് രോഗകാരിയെങ്കിൽ രോഗം കൂടുതൽ ഗുരുതരമാകും. അതിനാൽ ഒരാൾക്ക് തന്നെ രണ്ടാമത്തേയും, മൂന്നാമത്തെയും തവണ ഡെങ്കിപ്പനി വന്നാൽ മരണം വരെ സംഭവിച്ചേക്കാം .

കൊതുക് വളരുന്ന മലിനമായ സാഹചര്യങ്ങൾ ഒഴിവാക്കുക, ചിരട്ടകൾ, കുപ്പികൾ, ടയറുകൾ ,കളിപ്പാട്ടങ്ങൾ തുടങ്ങിയവ വെള്ളംകെട്ടിനിൽക്കുന്ന രീതിയിൽ അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക, വെള്ളം സംഭരിക്കുന്ന പാത്രങ്ങൾ കൊതുകുകൾ മുട്ടയിടാതിരിക്കാനായി വലകൾ കൊണ്ട് കെട്ടിവയ്ക്കുക, അലങ്കാര കുളങ്ങളിൽ ഗപ്പി, ഗംബൂസിയ തുടങ്ങിയ അലങ്കാര മത്സ്യങ്ങളെ വളർത്തുക, കക്കൂസിന്റെ വെന്റ് പൈപ്പുകൾ വലകൾ കൊണ്ട് കെട്ടിവയ്ക്കുക, കക്കൂസ് ടാങ്കിന്റെ സ്ലാബുകളിലെ വിടവുകൾ നികത്തുക, ഓടകളിലെ മാലിന്യങ്ങൾ നീക്കി വെള്ളം സുഗമമായി ഒഴുക്കിവിടുക തുടങ്ങിയ പ്രതിരോധ മാർഗ്ഗങ്ങങ്ങളാണ് രോഗം തടയുന്നതിനായി സ്വീകരിക്കേണ്ടത്. കൊതുകുകടിയേൽക്കാതിരിക്കാൻ കൊതുകുവല, ലേപനങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് സ്വയം സംരക്ഷിക്കുവാൻ ശ്രദ്ധിക്കണം.

കൊതുകുമൂലമുള്ള പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനായി ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ ജില്ലാ മെഡിക്കൽഓഫീസറുടെ നേതൃത്വത്തിൽ ജില്ലയിലുടനീളം തുടർന്നുകൊണ്ടിരിക്കുകയാണ്. ഉറവിട നശീകരണ പ്രവർത്തനങ്ങൾ, പ്ളാൻറ്റേഷൻ മേഖലകളിലെ പ്രത്യേക ക്യാമ്പയിൻ,എല്ലാ സ്ഥാപനങ്ങളിലെയും ഡ്രൈ ഡേ പ്രവർത്തനങ്ങൾ, ഗൃഹസന്ദർശന ബോധവത്കരണപരിപാടികൾ, ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയവ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രത്യേക പരിശോധനകൾ എന്നീ വിവിധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നു. ആരോഗ്യസേന രൂപീകരിച്ചുകൊണ്ടു വാർഡ് തലങ്ങളിൽ നിന്നും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ആരോഗ്യജാഗ്രതാ പ്രവർത്തനങ്ങൾ വിപുലമായി നടത്തിവരുന്നുണ്ട്. മാലിന്യ നിർമ്മാർജ്ജനത്തിലൂടെയും പരിസരശുചിത്വത്തിലൂടെയും പകർച്ചവ്യാധികൾ

തടയുവാനുള്ള ഇത്തരം പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ പൂർണ്ണസഹകരണം ഉറപ്പാക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

## യാന ഉടമകൾ ലൈസൻസ് പുതുക്കണം

നിലവിൽ രജിസ്ട്രേഷൻ ഉള്ളതും ലൈസൻസ് സമയബന്ധിതമായി പുതുക്കാത്തതുമായ എല്ലാ യാന ഉടമകളും 10 ദിവസത്തിനകം യാനവും എഞ്ചിനും ഭൗതിക പരിശോധനയ്ക്ക് മത്സ്യഭവൻ ഓഫീസിന്റെ പരിധിയിൽ ഹാജരാക്കി മത്സ്യബന്ധന ലൈസൻസ് പുതുക്കേണ്ടതാണെന്ന് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. അല്ലാത്ത പക്ഷം മത്സ്യബന്ധനയാനത്തിന്റെ രജിസ്ട്രേഷനും ലൈസൻസും റദ്ദാക്കപ്പെടും. റദ്ദ് ചെയ്യുന്ന തിയതിവരെയുള്ള കുടിശ്ശിക തുക മത്സ്യ ഭവൻ ഓഫീസുകളിൽ അടക്കാത്തപക്ഷം റവന്യു റിക്കവറി നടപടികൾ ഉണ്ടാകുന്നതാണെന്നും അറിയിച്ചു.

## കേരള മീഡിയ അക്കാദമി അഭിമുഖം ജൂലൈ 26ന്

കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകളിലേക്ക് നടത്തിയ പ്രവേശനപരീക്ഷയുടെ വെയിറ്റിംഗ് ലിസ്റ്റിലുള്ളവർക്കുള്ള അഭിമുഖം ജൂലൈ 26ന് നടത്തും. ജേർണലിസം&കമ്യൂണിക്കേഷൻ, ടെലിവിഷൻ ജേർണലിസം, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ് എന്നീ കോഴ്സുകളിലേക്ക് വെയിറ്റിംഗ് ലിസ്റ്റിൽ ഇന്റർവ്യൂവിന് അറിയിപ്പ് കിട്ടിയ അപേക്ഷകർ ജൂലൈ 26ന് യോഗ്യത, വയസ്സ്, ജാതി തെളിയിക്കുതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം അക്കാദമിയുടെ എറണാകുളം കാക്കനാട് സിവിൽ സ്റ്റേഷനുസമീപമുള്ള ഓഫീസിൽ രാവിലെ 10.30നു ഹാജരാകണം. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ഫീസായ 2000രൂപ അടച്ച് സീറ്റ് ഉറപ്പാക്കാം. ഹോസ്റ്റൽ വേണ്ട പെൺകുട്ടികൾ 300രൂപ അഡ്വാൻസായി അടയ്ക്കണം.

## കമ്പ്യൂട്ടർ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

ചാലക്കുടി എൽ.ബി.എസ് സെന്ററിൽ ആഗസ്റ്റിൽ ആരംഭിക്കുന്ന പി.ജി.ഡി.സി.എ,ഡി.സി.എ.(എസ്), ഡി.സി.എ, ഡി.സി.എഫ്.എ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർക്ക് പ്രവേശനം സൗജന്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ-9562269577, 0480 2701469.

## ഓട്ടിസം സെമിനാർ ഇന്ന്(ജൂലൈ20)

വനിതാ ശിശു വികസന വകുപ്പിന്റെ സഹകരമത്തോടെ ഇന്ന്(ജൂലൈ 20) രാവിലെ 10.30 മുതൽ ഉച്ച 1 മണി വെര നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗിന്റെ ആഭിമുഖ്യത്തിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തിൽ ഓൺലൈൻ ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുന്നു. സെമിനാറിന്റെ തൽസമയ സംപ്രേഷണം വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള തൃശൂർ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിൽ നടത്തും. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ

അയ്യന്തോൾ കളക്ട്രേറ്റ് ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ജില്ലാ ശിശു സംരക്ഷണ ഓഫീസിൽ പേർ രജിസ്റ്റർ ചെയ്യണം. ഫോൺ- 0487-2364445.

## ടോപ് സ്കോറർ അവാർഡ് നൽകുന്നു

വിമുക്തഭടന്മാരുടെ മക്കളിൽ 2018-19 അധ്യയന വർഷത്തിലെ എസ്.എസ്.എൽ.സി/പ്ലസ്ടു ക്ലാസുകളിൽ സി.ബി.എസ്.സി/ഐ.സി.എസ്.സി പരീക്ഷയിൽ എല്ലാ വിഷയത്തിലും എപ്ലസ്/എ1 ലഭിച്ചവർക്ക് സൈനികക്ഷേമ നിധിയിൽ നിന്നും ടോപ് സ്കോറർ അവാർഡ് നൽകുന്നു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി ആഗസ്റ്റ് 14. വിശദ വിവരങ്ങൾക്ക് ജില്ലാ സൈനിക ക്ഷേമ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ-0487-2384037.

## സൈനികരുടെ വിധവകളുടെ പരാതി പരിഹാരത്തിന് അവസരം

ഇന്ത്യൻ നേവിയിൽ നിന്നും വിരമിച്ച സൈനികരുടെ വിധവകൾക്കു പരാതി പരിഹാരത്തിനും ബോധവൽക്കരണത്തിനുമായി ഐ.എൻ.എസ് വെണ്ടുരുത്തി നേവൽ ബേസ് കൊച്ചിയിൽ നിന്നും ഉദ്യോഗസ്ഥർ, ജൂലൈ 26ന് ജില്ലാ സൈനിക ക്ഷേമ ഓഫീസ് പൂത്തോൾ, തൃശൂർ സന്ദർശിക്കുന്നു. സമയം രാവിലെ 11 മണി. ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്നു ജില്ലാ സൈനിക ക്ഷേമ ഓഫീസർ അറിയിച്ചു.

## ലാസ്റ്റ് ഗ്രേഡ് തസ്തിക സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ എൽ.ജി.എസ്.തസ്തികയുടെ (കാറ്റഗറി നമ്പർ 113/17) സാധ്യത പട്ടികയിൽ ഉൾപ്പെട്ട തൃശൂർ ജില്ലയിലെ വനിതാ, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് പരിശോധന (ഒറ്റത്തവണ പരിശോധന) ജൂലൈ 22,23,24,25,26,29, 30 വരെയും ആഗസ്റ്റ് 1,2 എന്നീ തിയതികളിലും രാവിലെ 10 ന് തൃശൂർ ജില്ലാ പി.എസ്.സി ഓഫീസിൽ നടത്തും. ഇത് സംബന്ധിച്ചുള്ള അറിയിപ്പ് ഉദ്യോഗാർത്ഥികൾക്ക് എസ്.എം.എസ് പ്രൊഫൈൽ സന്ദേശം എന്നിവ മുഖേന നൽകിയിട്ടുണ്ട്. ഉദ്യോഗാർത്ഥികൾ ആവശ്യമായ രേകഖൾ പ്രൊഫൈൽ അപ് ലോഡ് ചെയ്ത് വെരിഫിക്കേഷന് ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്കായി പ്രൊഫൈൽ സന്ദർശിക്കുക. നിസ്ചിത തിയതിയിലും, സമയത്തും ഹാജരാകാത്തവർക്ക് തുടർന്ന് അവസരം നൽകുന്നതല്ല.

## തൃക്കൂർ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ഉടൻ പരിഹാരം മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ്

തൃക്കൂർ പഞ്ചായത്തിലെ കുടിവെള്ള പ്രശ്നത്തിന് ഉടൻ പരിഹാരം കാണുമെന്നു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ്. ഒരു വർഷത്തിനുള്ളിൽ പഞ്ചായത്തിലെ എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കും. ഇതിനായുള്ള നടപടികൾ ഉടൻതന്നെ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. കാലതാമസമില്ലാതെ കുടിവെള്ളം എല്ലാവരിലേക്കും എത്തിക്കും. തൃക്കൂർ

ഗ്രാമപഞ്ചായത്തിന്റെ നവീകരിച്ച ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു വർഷത്തിനുള്ളിൽ പഞ്ചായത്തിലെ എല്ലാ റോഡുകളും മെക്കാഡം ടാറിങ് നടത്തും. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പ്രദേശത്തെ അടിസ്ഥാന സൗകര്യങ്ങളുടെ വികസന കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തും.

ഐ എസ് ഒ അംഗീകാരത്തിന്റെ നിറവിൽ നിൽക്കുന്ന പഞ്ചായത്തിന്റെ സമസ്ത മേഖലയിലുള്ള വികസനമാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ആദ്യ പടിയായി മുഴുവൻ റോഡുകളുടെയും അറ്റകുറ്റപ്പണി നടത്തും. പഞ്ചായത്തിൽ വിവിധ ആവശ്യങ്ങളുമായി എത്തുന്നവർക്ക് കാലതാമസം കൂടാതെ സേവങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യം ഓരോ പഞ്ചായത്ത് അധികൃതരുടെയും ഉത്തരവാദിത്തമായി മാറുന്ന അവസ്ഥയുണ്ടാകും. ജില്ലയിലെ ജന സൗഹൃദ പഞ്ചായത്തുകളിലൊന്നായി തൃക്കൂർ ഗ്രാമപഞ്ചായത്ത് മാറുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് പ്രേമ കുട്ടൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജെ. സുധ വിഷയാവതരണം നടത്തി. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗ്രേസി വർഗീസ് കുന്നൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം എം അജിത് എന്നിവർ സംസാരിച്ചു. പഞ്ചായത്ത്അംഗങ്ങൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ്കെ സി സന്തോഷ് സ്വാഗതവും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗ്രേസി വർഗീസ് കുന്നൻ നന്ദിയും പറഞ്ഞു.

**അവസാനിച്ചു**